# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


**വാർത്താക്കുറിപ്പ്**

**2024 ഡിസംബർ 3**

## രാജ്യാന്തര പോളിമെർ കോൺഫറൻസ് തുടങ്ങി

എം.ജി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമെർ സയൻസ് ആൻറ് ടെക്നോളജിയും ഖരഗ്പൂർ ഐ.ഐ.ടിയിലെ റബർ ടെക്നോളജി സെൻററും സംയുക്തമായി സംഘടിപ്പിച്ച പോളിമെറ-2024 രാജ്യാന്തര പോളിമെർ സയൻസ് കോൺഫറൻസ്  വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.

സർവകലാശാലാ മുൻ വൈസ് ചാൻസലറും സർവകലാശാലയിലെ ഇൻറർ നാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോസയൻസ് ആൻറ് നാനോ ടെക്നോളജി ഡയറക്ടറുമായ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു.

ഖരക്പൂർ ഐ.ഐ.ടിയിലെ പ്രഫ. കിൻസുക് നസ്കർ, സ്കൂൾ ഓഫ് പോളിമെർ സയൻസ് ആൻറ് ടെക്നോളജി ഡയറക്ടർ ഡോ. എം.എസ്. ശ്രീകല, ബാംഗ്ലൂർ എച്ച്. എഫ് ഇന്ത്യ  മിക്സിംഗിലെ ഡോ. എം. എൻ. അജി,പ്രഫ. എം.ആർ. അനന്തരാമൻ, പ്രഫ. പ്രശാന്ത് രാഘവൻ,ഡോ.  പി. ഹരികൃഷ്ണൻ എന്നിവർ സംസാരിച്ചു.

 ദേശീയ രാജ്യാന്തര തലങ്ങളിലെ  പ്രമുഖ ശാസ്ത്രജ്ഞർ, പോളിമർ ടെക്നോളജി വിദഗ്ധർ, ഗവേഷകർ, വ്യവസായ പ്രതിനിധികൾ, വിദ്യാർഥികൾ, അധ്യാപകർ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

*ഫോട്ടോ ക്യാപ്ഷൻ*
എം.ജി സർവകലാശാലയിൽ  പോളിമെറ-2024 രാജ്യാന്തര പോളിമെർ സയൻസ് കോൺഫറൻസ്  വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ/39/1096/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ പിജിസിഎസ്എസ് എംഎ സംസ്കൃത സ്പെഷ്യൽ റിവൈസ്ഡ്-ന്യയ, സാഹിത്യ, വേദാന്ത, വ്യാകരണ, എംഎ ഹിന്ദി, എംഎ തമിഴ്, എംഎ മലയാളം, എംഎ പൊളിറ്റിക്കൽ സയൻസ്, എംഎസ്സി ക്ലിനിക്കൽ ന്യൂട്രിഷൻ ആൻറ് ഡയറ്ററ്റിക്സ്, എംഎസ്സി ഓപ്പറേഷൻസ് റിസേർച്ച് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, എംഎസ്സി പ്ലാൻറ് ബയോടെക്നോളജി, എംഎസ്സി സുവോളജി, എംഎസ്സി മാത്തമാറ്റിക്സ്, എംഎസ്സി കമ്പ്യൂട്ടർ സയൻസ് (ഡാറ്റ അനലിറ്റിക്സ്) (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെൻററി ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

...............................

മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എംഎ ഹിന്ദി (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെൻററി മെയ് 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

...............................

നാലാം സെമസ്റ്റർ ബാച്ലർ ഓഫ് വോക്കേഷൻ (2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം മെയ് 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.
(പി.ആർ.ഒ/39/1097/2024)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എംഎസ്സി ബയോമെഡിക്കൽ ഇൻസ്ട്രുമെൻറേഷൻ (2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെൻററി 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ് നവംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 13 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

...............................

അഞ്ചാം സെമസ്റ്റർ ബിവോക്ക് ഫാഷൻ ഡിസൈൻ ആൻറ് മാനേജ്മെൻറ്, ബിവോക്ക് ഫാഷൻ ടെക്നോളജി, ബിവോക്ക് ഫാഷൻ ടെക്നോളജി ആൻറ് മർച്ചൻഡൈസിംഗ് (2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ പത്തു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.
(പി.ആർ.ഒ/39/1098/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ സിബിസിഎസ് (പുതീയ സ്കീം 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഒന്നാം സെമസ്റ്റർ സിബിസിഎസ് സൈബർ ഫോറൻസിക്ക് (2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾക്ക് ഡിസംബർ 16 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 18 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 20 വരെയും അപേക്ഷ സ്വീകരിക്കും.
(പി.ആർ.ഒ/39/1099/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**